

# 2

# പദം പദം ഉറച്ചു നാം

ജീവിതമെനിക്കൊരു ചൂളയായിരുന്നപ്പോൾ
ഭൂവിനാ വെളിച്ചത്താൽ വെണ്മ ഞാനുളവാക്കി

നക്ഷത്രഗീതം
[ജി.ശങ്കരക്കുറുപ്പ്]

ചിത്രവും വരികളും വിശകലനം ചെയ്യുക.

ലഭിച്ച ആശയങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുക.

*മുക്കുറ്റിയിലെ മഞ്ഞുതുള്ളിയിൽ മറ്റൊരു ലോകം*

# വംശം



പാരം വിശപ്പാൽ കുഴങ്ങുമുറുമ്പൊന്നു
പ്രാതലിന്നെത്തിയടുപ്പുമുക്കിൽ,
പാതകത്തിന്മേൽത്തെറിച്ചതേങ്ങാത്തരി
പൂവുപോൽക്കൊമ്പിലെടുത്തുയർത്തി
പോവുകയാ, ണാറുകാലുകൾ ചന്തമായ്
ത്താളത്തിൽവച്ചു തിരക്കുകൂട്ടി.
പേമഴക്കാലത്തു സ്വാദുവാമീത്തരി
സോദരർക്കൊത്താസ്വദിക്ക നല്ലൂ.
എണ്ണ മിനുങ്ങും മുഖത്തെന്തു ഗൗരവം
എള്ളുടൽക്കെന്തൊരു സൗകുമാര്യം!
ഇത്തിരിപ്പോന്നോരിടുപ്പിതിൻ ചാരുത
മറ്റാർക്കുമില്ലിങ്ങു കണ്ടതുള്ളു.
ഇത്ര്യെയ്യാതുങ്ങിയതധ്വാനശീലവും
നൃത്തച്ചുവടും കൊണ്ടായിരുന്നോ?
ദാരുവിൽനിന്നെപ്പകർത്തേണമെന്നെന്റെ
വേരു ദാഹിച്ചിതാ നോക്കിനിൽപ്പൂ.

രാവുപകൽസന്ധ്യയില്ലുഷസ്സില്ലാതെ
വേലയെടുത്തേ മരിച്ചുപോകും
പാവമേ! നിന്നെത്തുടച്ചുനീക്കുന്നതും
പാപമെന്നോർത്തേ മടിച്ചു നിൽപ്പൂ.

നീ, ജനൽ മെല്ലെക്കടന്നു മുറ്റത്തുള്ള
പൂവാങ്കുരുന്നിലക്കാടുചുറ്റി,
വൻ മലപോലെ വഴിമുടക്കാൻ
നിന്ന വെള്ളാരങ്കല്ലിന്റെ ചോടു ചുറ്റി,
നീലക്കിഴാനെല്ലി, മുക്കുറ്റിപൂക്കുന്ന
മൂലയ്ക്കു മൺകൂനക്കോട്ട പറ്റി,
ആകെത്തിരക്കിട്ടകത്തേയ്ക്കുപോകയാ-
ണായാസമില്ലാച്ചുമട്ടുകാരി.

സീതാദർശനം
[വിജയലക്ഷ്മി]

- "എണ്ണ മിനുങ്ങും മുഖത്തെന്തു ഗൗരവം
  എള്ളുടൽക്കെന്തൊരു സൗകുമാര്യം!"
- "ദാരുവിൽ നിന്നെപ്പകർത്തേണമെന്നെന്റെ
  വേരു ദാഹിച്ചിതാ നോക്കിനിൽപ്പൂ"

ഉറുമ്പിന്റെ പ്രവൃത്തി ജീവിതമാതൃകയാക്കാം എന്ന് കവിക്ക് തോന്നിയത് എന്തുകൊണ്ടാവാം? നിങ്ങളുടെ **അഭിപ്രായം സമർഥിക്കുക.**

"രാവുപകൽ സന്ധ്യയില്ലുഷസ്സില്ലാതെ
വേലയെടുത്തേ മരിച്ചുപോകും
പാവമേ നിന്നെത്തുടച്ചുനീക്കുന്നതും
പാപമെന്നോർത്തേ മടിച്ചു നിൽപ്പൂ"

ഉറുമ്പുകളോടുള്ള കവിയുടെ കരുതലും അനുതാപവും നമുക്കു നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? **പരിശോധിക്കുക.**

ഉറുമ്പുകളുടെ വംശമഹത്വം അന്വേഷിക്കുന്നതിലൂടെ കവി പറയാൻ ശ്രമിക്കുന്ന വസ്തുതകൾ എന്തെല്ലാമാകും? **ചർച്ചചെയ്യുക.**

- "പേമഴക്കാലത്തു സ്വാദുവാമീത്തരി
  സോദരർക്കൊത്താസ്വദിക്ക നല്ലൂ"
  
  **- വിജയലക്ഷ്മി**
- "പദാർഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം
  പ്രാണികുലത്തിൻ പരമാത്മഗുണം പരസ്പരപ്രേമം"
  
  **പ്രേമസംഗീതം**
  **[ഉള്ളൂർ എസ്. പരമേശ്വരയ്യർ]**

രണ്ടു കാവ്യഭാഗങ്ങളിലെയും ജീവിതദർശനം താരതമ്യം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

ജീവിതത്തെ സുന്ദരമാക്കാൻ സഹായിക്കുന്ന എന്തെല്ലാം നൈപുണികളാണ് ഉറുമ്പിൽ കവി കാണുന്നത് ? **കണ്ടെത്തുക.**

"പാതകത്തിൻമേൽത്തെറിച്ചതേങ്ങാത്തരി
പൂവുപോൽക്കൊമ്പിലെടുത്തുയർത്തി "

ഈ വരികളിൽ തെളിയുന്ന കാവ്യഭംഗി വ്യക്തമാക്കുക. ഇത്തരത്തിലുള്ള കൂടുതൽ വരികൾ കവിതയിൽനിന്ന് കണ്ടെത്തി കവിതയ്ക്ക് **ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.**

**തീരമണയും തിരമാലകൾ**
**ആഴങ്ങളിലെ അലയൊലികൾ**

# ദയ

*ബുദ്ധിവൈഭവത്തിൽ ആരെയും വെല്ലുന്ന സുമുറുദിനെ എല്ലാവരും ദയ എന്നു വിളിച്ചു. ബാഗ്ദാദിലെ സമ്പന്നയുവാവായിരുന്ന മൻസൂറിന്റെ വീട്ടിലെ ജോലിക്കാരിയായിരുന്നു അവൾ. പിതാവിന്റെ മരണശേഷം സ്വത്തുക്കളെല്ലാം കളഞ്ഞുകുളിച്ച മൻസൂറിനെ എല്ലാവരും ഉപേക്ഷിക്കുന്നു. അയാളെ രക്ഷിക്കുവാൻ ദയ തീരുമാനിക്കുന്നു. മൻസൂറിന് കച്ചവടം തുടങ്ങാനായി സ്വയം അടിമയാകാൻ ദയ ത യ്യാറാകുന്നു. തന്നെ വിൽക്കുവാൻ ദയ മൻസൂറിനോട് നിർദേശിക്കുന്നു.*

*ചന്തയിലെത്തുന്ന ദയയെയും മൻസൂറിനെയും രാജഭടന്മാർ കാണുകയും രാജസമക്ഷത്തെത്തിക്കുകയും ചെ യ്യുന്നു. അവളുടെ അറിവും ബുദ്ധിവൈഭവവും പരീക്ഷിക്കപ്പെടുന്നു. പണ്ഡിതന്മാരുടെ ചോദ്യങ്ങൾക്ക് പതറാതെ ഉത്തരം നൽകിയ ദയ എല്ലാവരെയും അദ്ഭുതപ്പെടുത്തി. ബുദ്ധിപരീക്ഷണങ്ങളിൽ വിജയിച്ച് സമ്മാനങ്ങളുമായി മടങ്ങിയ ദയയുടെയും മൻസൂറിന്റെയും ജീവിതം പിന്നീട് അദ്ഭുതകരമായി വഴിമാറുകയായിരുന്നു.*






പകൽ

മറ്റൊരു രാജ്യത്തിലെ കൊട്ടാരത്തിലേക്കുള്ള പ്രവേശനകവാടത്തിനടുത്ത്. പശ്ചാത്തലത്തിൽ കൊട്ടാരക്കെട്ടിലേക്കുള്ള വലിയ പ്രവേശനസ്ഥലം കാണാവുന്ന ഇടത്ത് കുറേ ആളുകൾ കൂടിനിൽക്കുന്നു.

അവരുടെ അടുത്തേക്ക് ഒരു വഴിപോക്കനെപ്പോലെ കുതിരപ്പുറത്തെ യുവാവ് (ദയ) കടന്നുവരുന്നു.

അവിടെ ഒരു മണ്ഡപത്തിൽ വഴിയാത്രക്കാർക്ക് വെള്ളം കൊടുക്കുന്നുണ്ട്. താഴെ ഒരു തൊട്ടിയിൽ വെള്ളം.

അവൾ ഇറങ്ങി കുതിരയെ വെള്ളത്തിന്റെ തൊട്ടിക്കടുത്തേക്ക്.

ആളുകൾ ദയയെ ശ്രദ്ധിക്കുന്നില്ല. അവർ പരസ്പരം പറയുന്നത് അവൾ കേൾക്കുന്നു.

| | | |
|---|---|---|
| I ഒരാൾ | : | ഏഴുദിവസമായി... ഇനിയും പറ്റിയ ഒരാൾ വന്നില്ലല്ലോ. |
| II മറ്റൊരാൾ | : | ദൂരസ്ഥലങ്ങളിലും കൊട്ടി അറിയിക്കേണ്ടതായിരുന്നു. |
| III മറ്റൊരാൾ | : | പാണ്ഡിത്യമുള്ളവർക്ക് ആയുധവിദ്യ ഉണ്ടാവില്ല. അഭ്യാസികൾക്ക് അറിവു കുറവ്. രണ്ടുംചേർന്നവരെ കിട്ടാൻ വളരെ പ്രയാസം.<br>ദയ അടുത്തേക്ക്. |
| I ഒരാൾ | : | ഉം നടക്കട്ടെ. നമുക്ക് മത്സരം കാണാലോ. അതൊരു രസം, കുറച്ചു ദിവസം!<br>(സ്വരം കനപ്പിച്ച് മിക്കവാറും പുരുഷസ്വരത്തിൽ) |
| ദയ | : | എന്തു മത്സരം?<br>(കുതിരയെയും അതിനെ പിടിച്ചുനിൽക്കുന്ന യുവാവിനെയും ശ്രദ്ധിച്ച്)- |
| ഒന്നാമൻ | : | (പരിഹാസത്തിൽ) ഉം, നോക്കുന്നോ? നിയമപ്രകാരം ആർക്കും ഒരുകൈ നോക്കാം. പക്ഷേ, ചള്ള് ചെറുക്കന്മാർ ആരും ധൈര്യപ്പെട്ടിട്ടില്ല. |

അവൾ താല്പര്യത്തോടെ നോക്കുന്നു.

ഒരാൾ : വഴിപോക്കന്റെ ജിജ്ഞാസ ശമിപ്പിക്കാൻ
അന്യനാട്ടിൽനിന്നാവും?
അവൾ അതെ എന്ന് തലയാട്ടുന്നു.

അയാൾ : മന്ത്രി മരിച്ചാൽ മന്ത്രികുമാരനെ വാഴിക്കുന്ന പതിവ് രാജാവ്
നിർത്തി. അതിനുമുമ്പ് ചില കാരണങ്ങളുണ്ടായി എന്ന് വെച്ചോളൂ.
അറിവും അഭ്യാസബലവും ഒത്തവരെ തിരഞ്ഞെടുത്ത് നിയമിക്കും.

നേരത്തേ പരിഹസിച്ച ആൾ : ഒന്ന് മത്സരിക്കണമെന്നുണ്ടോ?




രാജാവിന്റെ സഭാമണ്ഡപം - രാജാവും നാലഞ്ചനുചരന്മാരും.
രാജാവ് ലോകത്തെ മുഴുവൻ ഒരു നർമ്മബോധത്തോടെ കാണുന്ന
ആളാണെന്ന് മുഖഭാവത്തിൽനിന്ന് വ്യക്തമാവും. അനുചരന്മാർ
നിൽക്കുകയാണ്, പിന്നിലും പാർശ്വത്തിലുമായി.

ഒരാൾ : നിയമം കുറച്ച് കഠിനമാണെന്ന് ജനസംസാരം.

രാജാവ് : അങ്ങനെ വേണം! മന്ത്രിസ്ഥാനം കിട്ടാൻ ഇവിടെത്തന്നെ
എത്രപേർ സേവയും ശുപാർശയുമായി നടക്കുന്നു. പരീക്ഷകൾ
വച്ചില്ലെങ്കിൽ പിന്നെ ഇവിടത്തെ സ്ഥിതിയെന്താവും. ഉപജാപം,
ഗൂഢാലോചന, ശുപാർശ.

മറ്റൊരാൾ: ആറുപേർ ഇതിനകം വന്നു. ഇനിയാരും വരുന്ന മട്ടില്ല.
യുവാവിന്റെ വേഷത്തിൽ ദയ വരുന്നത് ശ്രദ്ധിച്ച്

രാജാവ് : ഊഹും! വരുന്നു, ഇതാ തേജസ്വിയായ ഒരു യുവാവ്.
(ദയ രാജാവിനെത്തന്നെ നോക്കി വരുന്നു.)
മത്സരിക്കാനുള്ള ദൃഢനിശ്ചയം മുഖത്ത്.
(രാജാവ് പതുക്കെ ലക്ഷണശാസ്ത്രമനുസരിച്ച് സ്ഥാനാർഥിയെ
അപഗ്രഥിക്കുകയാണ്.)
പ്രായം കണ്ട് ആരും തെറ്റിദ്ധരിക്കണ്ട. ഉറച്ച കാൽവയ്പിൽ
സ്ഥൈര്യം. നോട്ടത്തിൽ പക്വത!

ദയ : (അടുത്ത് താഴെവന്ന് വണങ്ങി)
അടിയനും ഒരപേക്ഷകനാണ്.

രാജാവ് : (പതുക്കെ) മധുരസ്വരം (ഉറക്കെ)
അഭ്യാസപ്പരീക്ഷകൾ കുറേ അപകടമേറിയതാണ്. ആളുകൾ
പറഞ്ഞില്ലേ?
ദയ തലകുനിക്കുന്നു.

രാജാവ് : (അനുചരന്മാരോട്)
ഉം. സേനാപതിയെ വിളിക്കൂ!






രാജാവിന്റെ സഭാമണ്ഡപ പരിസരം.
ഒഴിഞ്ഞ ഒരു സ്ഥലത്ത് വില്ലാളിവീരന്മാരുടെ ലക്ഷ്യമായി ഒരു പലക വച്ചിട്ടുണ്ട്.

വൃത്തങ്ങൾക്കുള്ളിൽ വൃത്തങ്ങൾ. പല വർണ്ണങ്ങളിൽ.
കാഹളം മുഴങ്ങുന്നു. മൈതാനത്തിലേക്ക് വന്ന ദയയ്ക്ക് സേനാപതി വില്ലും ആവനാഴിയും കൊടുക്കുന്നു.

മുകളിലും ചുറ്റും ഒക്കെയായി കാഴ്ചക്കാർ. രാജാവ് എഴുന്നള്ളുന്നു.

രാജാവ്,

രാജ്ഞി,

പതിനഞ്ചുകാരി മകൾ. അവർ പീഠങ്ങളിലിരുന്നപ്പോൾ പിന്നിൽ അംഗരക്ഷകരും ചില ഉപദേശകരും സ്ഥാനംപിടിക്കുന്നു.

സേനാപതി ദയയോട് എന്തോ പറയുന്നുണ്ട്, അവൾ തലയാട്ടുന്നു.

രാജാവ് : (രാജ്ഞിയോടും മകളോടുമായി) ചെറുപ്പം. സവാരി കഴിയുമ്പോൾ പിൻവാങ്ങാനാണ് സാധ്യത!

രാജകുമാരി താൽപര്യത്തോടെ നോക്കുന്നു.

പുറത്ത് അമ്പുവച്ച് വില്ലിൽ ഒരസ്ത്രം തൊടുക്കുന്നു. എന്നിട്ട് അമ്പയയ്ക്കുന്നു. ലക്ഷ്യത്തിന്റെ നടുവിൽ.

വീണ്ടും അമ്പുവലിച്ച് തൊടുക്കുന്ന ദയയുടെ ദ്രുതചലനം.

ഒന്നിനു പിറകെ ഒന്നായി അഞ്ചസ്ത്രങ്ങൾ ലക്ഷ്യത്തിന്റെ നടുവിലെ വൃത്തത്തിൽ കൊള്ളുന്നു.

രാജാവ് : മിടുക്കൻ. അഞ്ചിലഞ്ചും!

ദയ രാജകുടുംബത്തിന്റെ നേർക്ക് വന്ദിക്കുന്നു.

രാജകുമാരിയുടെ കണ്ണുകളിൽ പ്രകാശം.

സേനാപതിക്ക് വില്ലും ആവനാഴിയും തിരിച്ചേല്പിക്കുന്നു ദയ.

അപ്പോൾ ഉദ്ധതനായ ഒരു പോരാളി മുമ്പോട്ടുവരുന്നു.

സേനാപതിയുടെ മുമ്പിലേക്ക് ഒരു പരിചാരകൻ തട്ടിൽ രണ്ട് നീണ്ട വാളുകളുമായി.

അത് വാങ്ങി സേനാപതി അവൾക്കിഷ്ടമുള്ളതെടുക്കാം എന്ന് ആംഗ്യം കാട്ടുന്നു.

അവൾ എതിരാളിക്ക് ആ അവസരം എന്നാംഗ്യം കാട്ടുന്നു. വാൾപ്പയറ്റ് വിദഗ്ധൻ ഒരു വാൾ തിരഞ്ഞെടുക്കുന്നു, അവൾ മറ്റേതും.

സേനാപതിയും പരിചാരകനും മാറി. അവൾ വാൾപ്പയറ്റു നടത്തുന്നു. പൊരിഞ്ഞ മത്സരം. രാജകുമാരിയുടെ ഉൽക്കണ്ഠ. കാഴ്ചക്കാരുടെ ഉൽക്കണ്ഠ. ചിലർ എഴുന്നേൽക്കുന്നു. അധികസമയം നീട്ടിക്കൊണ്ടുപോകാതെ മിന്നൽവേഗത്തിൽ ആക്രമിച്ച് ദയ എതിരാളിയുടെ വാൾ തെറിപ്പിക്കുന്നു. പിന്നെ തിരിഞ്ഞ് വിനയപൂർവം രാജകുടുംബത്തിന്റെ നേർക്കുനോക്കി തലകുനിച്ച് വന്ദിക്കുന്നു. രാജാവ് അഭിനന്ദിച്ചുകൊണ്ട് കൈ ഉയർത്തുന്നു. എന്നിട്ട് രാജ്ഞിയെയും മകളെയും 'കണ്ടില്ലേ?'എന്ന ഭാവത്തിൽ നോക്കുന്നു. രാജാവിന്റെ കാഴ്ചപ്പാടിൽ - മെരുങ്ങാത്ത, വിറളിപിടിക്കുകയും ചവിട്ടുകയും ചെയ്യുന്ന ഒരു കുതിരയെ ഈരണ്ടുപേർ രണ്ടുവശത്തും ഓരോ ആൾ മുന്നിലും പിന്നിലുമായി കയറിട്ട് പിടിച്ച് മൈതാനത്തിലേക്ക് കടത്തിക്കൊണ്ടുവരുന്നു. മുകളിൽ സുരക്ഷിതസ്ഥാനത്തുനിന്ന് കയറൂരുന്നു. ദയയുടെ അടുത്തുചെന്ന്,

സേനാപതി : ഇതിന്റെ പുറത്തുകയറി ഒരു വട്ടം സവാരിചെയ്യണമെന്നാണ് വ്യവസ്ഥ. കൈയും കാലുമൊടിഞ്ഞ നാലുപേരെ ഇതിനകം പുറത്തേക്ക് ചുമന്നുകൊണ്ടു പോകേണ്ടിവന്നു.

അവൾ ചുരമാന്തുന്ന കുതിരയെ നോക്കുന്നു.
കുതിര മുൻകാലിൽ ഉയർന്ന് ശബ്ദിക്കുന്നു.

സേനാപതി : വയ്യെങ്കിൽ ശ്രമിക്കരുത്. എന്റെ മകനും ഈ പ്രായക്കാരനാണ്. അതുകൊണ്ട് പറയുകയാണ്.

ദയ 'സാരമില്ല' എന്ന് തലയാട്ടുന്നു.
അവൾ കുതിരയുടെ സമീപത്തേക്ക്.
അവൾ അടുത്തേക്ക് വരുന്നതുകണ്ട് കുതിര മുൻകാലുയർത്തി ആക്രമിക്കാനൊരുങ്ങി മുമ്പോട്ടു ചാടുന്നു.

കുതിരയോട് ദയ : നോക്ക്, കഷ്ടകാലത്തിന് ഞാനിവിടെ വന്നുപെട്ടു. നിന്നെ കീഴടക്കാൻ എനിക്കാവില്ല. നീയെന്നെ സഹായിക്കാതെ പറ്റില്ല.

സംസാരിച്ചുകൊണ്ട് അടുത്തേക്ക്.

കുതിര വീണ്ടും ആക്രമിക്കാനെന്നോണം കുതിക്കുന്നു.

മനുഷ്യശബ്ദത്തിന്റെ സമാശ്വാസംകൊണ്ടാവണം, കുതിര രോഷത്തിൽ നോക്കുന്നുവെങ്കിലും ആക്രമിക്കുന്നില്ല.

പതുക്കെ കൈവച്ച്

ദയ : എന്നെ നിനക്ക് വീഴ്ത്താം, ചവിട്ടിക്കൊല്ലാം. ഞാനൊരു പാവമാണ്. ഇങ്ങനെയൊരു വേഷം കെട്ടേണ്ടിവന്നു.

കൂടുതൽ ധൈര്യത്തിൽ കൈവയ്ക്കുന്നു.

പിന്നെ അവൾ കുതിരപ്പുറത്ത് കയറുന്നു.

കുതിര വായുവിൽ കാലുയർത്തുകയും ആളെ വീഴ്ത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

അവൾ വീഴാതെ ശ്രദ്ധിക്കുന്നു.

(രാജകുടുംബമടക്കം പലരുടെ ഉൽക്കണ്ഠ).

കുതിര ചെവിടോർക്കുംപോലെ.

ദയ കാൽമുട്ടുകൾകൊണ്ട് നിയന്ത്രിച്ച് കുതിരയെ നടത്തുന്നു.

ഒരിക്കൽക്കൂടി വിറളി കാണിക്കുന്നു കുതിര.

ദയ : അരുത്. നീ തോൽക്കുന്നില്ല. എന്നോട് ദയ കാണിക്കുന്നു എന്ന് മാത്രം! അരുത്! അവൾ പ്രേരിപ്പിച്ച് ഒരുവട്ടം കുതിര ശല്യമുണ്ടാക്കാതെ ഓടുമ്പോൾ ആളുകളുടെ ആഹ്ലാദപ്രകടനശബ്ദം. രാജകുടുംബാംഗങ്ങൾക്കിടയിൽ ആശ്വാസം. രാജകുമാരി ഉൽക്കണ്ഠയോടെ എഴുന്നേറ്റ് നിൽക്കുന്നു.

കുതിരപ്പുറത്തുനിന്നിറങ്ങിയ ദയ രാജകുടുംബത്തിനു നേർക്ക് അഭിവാദ്യം ചെയ്യുന്നു.

ദയ : (കുതിരയോട്) ഈ ഉപകാരം ഞാൻ മറക്കില്ല !

വീണ്ടും പഴയ ശൗര്യത്തിൽ കുതിര കാലുയർത്തി ശബ്ദിക്കുന്നു.




രാജാവിന്റെ സഭാമണ്ഡപപരിസരം.

ചതുരംഗപ്പലകയിൽ ഒരു കരു നീക്കുന്നു, രാജാവ്.

ചതുരംഗപ്പലക നടുവിൽ. കളിയുടെ മധ്യഘട്ടമാണ്. കുറച്ച് മാറിനിന്ന് രാജ്ഞിയും മകളും പ്രധാനസേവകരും നോക്കുന്നു.

രാജാവ് : ഇതും ഒരു പരീക്ഷയാണ്. ചതുരംഗത്തിലെ അതിവിദഗ്ധന് നല്ല രാജ്യതന്ത്രജ്ഞനാവാൻ കഴിയും.

ദയ തലതാഴ്ത്തി ശരിവയ്ക്കുന്നു.

അദ്ദേഹം തന്റെ കരുനീക്കിയതിൽ സംതൃപ്തനാണ്.

കുറച്ചകലെ നിൽക്കുന്ന രാജകുമാരി.

കളത്തിനു മുമ്പിൽ ആലോചനാമഗ്നനായിരുന്ന യുവാവിന്റെ (ദയ) മുഖം ശ്രദ്ധിക്കുന്നു.

ആലോചിച്ച് ദയ കരു വയ്ക്കുന്നു.

വിജയത്തിലേക്കുള്ള ഒരു നീക്കമാണത്. രാജാവ് അസ്വസ്ഥനാവുന്നു.

ഒരു രാജസേവകൻ അടുത്തു നിൽക്കുന്ന ആളോട്: പതിനേഴ് നീക്കത്തിലേറെ ഇതുവരെ ആരും മഹാരാജാവിനോട് പിടിച്ചുനിന്നിട്ടില്ല. ഇത് മുപ്പത്തൊന്നായി.

ദയ : (രാജാവിന്റെ അസ്വസ്ഥഭാവം ശ്രദ്ധിച്ച് പെട്ടെന്ന്) ക്ഷമിക്കണം. എനിക്ക് തെറ്റി. ഉദ്ദേശിച്ച നീക്കം ഇതല്ല.

എന്നിട്ട് നീക്കിയ കരുവിനെ പിൻവലിച്ച് മറ്റൊന്ന് നീക്കുന്നു.

പതുക്കെപ്പതുക്കെ രാജാവിന്റെ മുഖത്ത് ആശ്വാസം. അദ്ദേഹം കരു നീക്കുന്നു. ദയയും.

രാജകുമാരി അച്ഛന്റെ ആശ്വാസഭാവം ശ്രദ്ധിക്കുന്നു.

രാജാവ് ഒരിക്കൽക്കൂടി നീക്കിയപ്പോൾ

ദയ ചതുരംഗപ്പലകയിൽ നോക്കി : സമം.

രാജാവ് : ശരിയാണ്. ആരും അടിയറവിലെത്തില്ല. സമാസമം!
രാജാവ് എഴുന്നേൽക്കുന്നു. അദ്ദേഹത്തിന്റെ പിന്നിലായി വിനീതഭാവത്തിൽ ദയ.

രാജാവ് : വരുന്നവരോട് ചോദ്യങ്ങൾ ചോദിച്ച് ചോദിച്ച് എന്റെ തൊണ്ടയടച്ചു. ഇനി ചോദ്യോത്തരങ്ങളില്ല. ഈ കളിയായിരുന്നു ഏറ്റവും വലിയ പരീക്ഷ.

(നടന്നുകൊണ്ട് തുടരുന്നു). ഞാൻ നിയമം മാറ്റിനോക്കുന്നു, നീതിവ്യവസ്ഥ മാറ്റി നോക്കുന്നു, ബോധവൽക്കരണത്തിന് ശ്രമിക്കുന്നു. പാർമനെദീസ് പണ്ട് പറഞ്ഞതായിരിക്കാം ശരി!

വിനയത്തിൽ,

ദയ : അതെ!

അവളെ കുടുക്കിൽ പെടുത്തിയപോലെ, പെട്ടെന്ന് ക്ഷോഭിച്ച് ദുഃഖഭാവം മാറി,

രാജാവ് : എന്തതെ! രാജാവു പറഞ്ഞതുകൊണ്ട് അതെ. പാർമനെദീസ് ആരാണ്? എന്താണ് പറഞ്ഞത്? ഒന്നുമറിയാതെ അതെ! അതെ!



ദയ : വെറുതെ പറഞ്ഞതല്ല. മാറ്റങ്ങളെല്ലാം മായയാണെന്ന് അദ്ദേഹം പറഞ്ഞു. മഹാനായ ഗ്രീക്ക് ചിന്തകൻ!

രാജാവ് വീണ്ടും ശാന്തനായി ദയയെ നോക്കുന്നു- അദ്ഭുതത്തോടെ, മന്ദഹസിച്ച്,

രാജാവ് : പേര്?

ദയ : ദയ... (പെട്ടെന്ന് തിരുത്തി) സമീർ!

രാജാവ് : (സ്വരം താഴ്ത്തി അവരിരുവർക്കും മാത്രം കേൾക്കാവുന്നവിധം) എന്നെ തോൽപ്പിക്കാൻ അവസരമുണ്ടായിട്ടും കളി മാറ്റിയത് എന്തിനായിരുന്നു?

ദയ : (താണസ്വരത്തിൽ) ഒരു യുദ്ധത്തിലെ തോൽവി അങ്ങ് മറക്കും. കളിയിലെ തോൽവി കയ്പായി മനസ്സിൽ നിൽക്കും എന്ന് എനിക്ക് ബോധ്യമായതുകൊണ്ട്.

രാജാവ് മന്ദഹസിക്കുന്നു-

രാജാവ് : ഇന്നുവരെ എന്നെ ആരും തോൽപ്പിച്ചിട്ടില്ല! നമുക്ക് ഇനിയും കളിക്കണം!

ദയ 'ശരി' എന്ന ഭാവത്തിൽ തലകുനിക്കുന്നു. രാജാവ് കൈകാണിച്ചപ്പോൾ പരിജനങ്ങൾ അടുത്തേക്ക്.

രാജാവ് : നാടുമുഴുവൻ വിളംബരം നടത്തട്ടെ! ഈ യുവാവിനെ ഞാൻ ഇതാ രാജ്യത്തെ മന്ത്രിയായി അവരോധിക്കുന്നു!

രാജകുമാരിയുടെ, ആഹ്ലാദംകൊണ്ട് വിടർന്ന മുഖം. കാഹളധ്വനികൾ. ദയയുടെ ആശ്വാസം.

ദയ
[എം.ടി.വാസുദേവൻ നായർ]

ദയ (താണസ്വരത്തിൽ) – "ഒരു യുദ്ധത്തിലെ തോൽവി അങ്ങ് മറക്കും. കളിയിലെ തോൽവി കയ്പായി മനസ്സിൽ നിൽക്കും എന്ന് എനിക്ക് ബോധ്യമായത് കൊണ്ട്."

രാജാവുമായുള്ള ഈ സംഭാഷണത്തിൽ നിന്നും ദയ എന്ന കഥാപാത്രത്തെക്കുറിച്ചുള്ള എന്തെല്ലാം കാര്യങ്ങളാണ് മനസ്സിലാക്കാനാവുന്നത്? പാഠഭാഗത്തെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് ദയ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

ബുദ്ധിശക്തിയിലും സാമർഥ്യത്തിലും ഭരണനൈപുണിയിലും ലിംഗവ്യത്യാസം ഇല്ലെന്ന് 'ദയ'യിലൂടെ മനസ്സിലാക്കിയല്ലോ. പിന്നെ എന്തുകൊണ്ടാണ് അവൾക്ക് വേഷപ്പകർച്ച നടത്തേണ്ടി വന്നത്. ഇക്കാലത്തായിരുന്നെങ്കിൽ സ്വന്തം കഴിവുകൾ പ്രകടിപ്പിക്കാൻ ദയയ്ക്ക് വേഷംമാറേണ്ടി വരുമായിരുന്നോ? **വിമർശനാത്മകമായി പരിശോധിക്കുക.**

പതുക്കെപ്പതുക്കെ രാജാവിന്റെ മുഖത്ത് ആശ്വാസം - പതുക്കെ പതുക്കെ എന്നതിനുപകരം പതുക്കെപ്പതുക്കെ എന്ന് ചേർത്തു പറഞ്ഞപ്പോൾ ഉണ്ടായ ഭാഷാപരമായ പ്രത്യേകത വ്യക്തമാക്കുക. ഇത്തരം കൂടുതൽ പദങ്ങൾ കണ്ടെത്തി വാക്യത്തിൽ ചേർത്ത് അവയുടെ **സവിശേഷതകൾ (മാറ്റങ്ങൾ) വ്യക്തമാക്കൂ.**

പ്രതിബന്ധങ്ങളെ കരുത്തോടെ നേരിടുന്ന ദയയുടെ ആത്മവിശ്വാസവും കരുത്തും നമ്മൾ കണ്ടല്ലോ. പ്രതിസന്ധികളെ കരുത്തോടെ നേരിട്ട ആളുകൾ നമുക്ക് ചുറ്റും ധാരാളമുണ്ടാകും. അത്തരത്തിലുള്ളവരെ കണ്ടെത്തി **അഭിമുഖം തയ്യാറാക്കുക.**

**സീൻ 61 പകൽ.**
വൃത്തങ്ങൾക്കുള്ളിൽ വൃത്തങ്ങൾ. പല വർണ്ണങ്ങളിൽ. കാഹളം മുഴങ്ങുന്നു. മൈതാനത്തിലേക്ക് വന്ന ദയയ്ക്ക് സേനാപതി വില്ലും ആവനാഴിയും കൊടുക്കുന്നു. മുകളിലും ചുറ്റും ഒക്കെയായി കാഴ്ചക്കാർ. രാജാവ് എഴുന്നള്ളുന്നു. രാജാവ്, രാജ്ഞി, പതിനഞ്ചുകാരി മകൾ. അവർ പീഠങ്ങളിലിരുന്നപ്പോൾ പിന്നിൽ അംഗരക്ഷകരും ചില ഉപദേശകരും സ്ഥാനംപിടിക്കുന്നു. സേനാപതി ദയയോട് എന്തോ പറയുന്നുണ്ട്, അവൾ തലയാട്ടുന്നു.
തിരക്കഥാഭാഗം ശ്രദ്ധിച്ചല്ലോ. ദൃശ്യാവിഷ്കാരത്തിന്റെ എന്തെല്ലാം പ്രത്യേകതകളാണ് കണ്ടെത്താനാവുന്നത് ?

- ദൃശ്യവിന്യാസം
- സ്ഥലം,സമയം
- കഥാപാത്രസ്വഭാവം
- 

തിരക്കഥയുടെ സവിശേഷതകൾ പരിചയപ്പെട്ടല്ലോ.
'പ്രതിസന്ധികളിൽ പതറാതെ ആത്മവിശ്വാസത്തോടെ മുന്നേറാം'
എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ഒരു ഹ്രസ്വചിത്രം തയ്യാറാക്കാം?

തിരക്കഥയൊരുക്കി ദൃശ്യങ്ങൾ ചിത്രീകരിച്ച് എഡിറ്റ് ചെയ്ത് ഹ്രസ്വചിത്രനിർമ്മാണം പൂർത്തിയാക്കാം.

തുടർന്ന് സ്കൂളിൽ ഒരു ഹ്രസ്വചലച്ചിത്രമേള സംഘടിപ്പിക്കാം.

**ഹ്രസ്വചലച്ചിത്രമേള സംഘടിപ്പിക്കുന്നതിനാവശ്യമായ ബ്രോഷർ, സിനോപ്സിസ്, പോസ്റ്റർ, നോട്ടീസ് എന്നിവ തയ്യാറാക്കൂ.**



***ഓർമ്മയുടെ ചുളിവുകളിൽ ജീവിതം ഒളിഞ്ഞിരിക്കുന്നു***

# തഥാഗത



ഡോക്ടറെ പിന്തുടർന്നുചെല്ലുമ്പോൾ ഞങ്ങളെ അനുഗമിക്കുന്ന മൗനവും ഉദാസീനമെന്ന് ഞാൻ കണ്ടു. പതിവുപോലെ വാതിൽക്കൽ ഡോക്ടർ ഒരു നിമിഷം നിന്നു.

"കുഴപ്പമൊന്നുമില്ല. ബാക്കിയെല്ലാം നോർമ്മൽ ആണ്."

ഞാൻ ഡോക്ടറുടെ മുഖത്തു നോക്കുന്നില്ല. ഡോക്ടർ അതു പറയുമ്പോൾ പകരം എണ്ണിയാലൊടുങ്ങാത്ത, താഴോട്ടിറങ്ങിപ്പോകുന്ന ഗോവണിപ്പടികൾ - അവ എണ്ണുകയാണ്. ഡോക്ടർക്കു മനസ്സിലാവുന്നുണ്ടാവണം. കാരണം, അദ്ദേഹം പറഞ്ഞു:

"അല്ല, അൽഷിമേഴ്സ് ഡിസീസിനെക്കുറിച്ച് കൃത്യമായി ഒന്നും പറയാൻ വയ്യ എന്നു കൂട്ടിക്കോളൂ. പ്രതികരണശേഷി ശ്രദ്ധിക്കണം. എന്തെങ്കിലും വ്യത്യാസം കണ്ടാൽ അറിയിക്കൂ"...

തല ചരിച്ച് ഔപചാരികമായ യാത്ര പറയലിനിടയ്ക്ക് അദ്ദേഹം കാണാതെ പോകുന്ന ചില കാര്യങ്ങളുണ്ട്. ഒറ്റനോട്ടത്തിൽ കിട്ടുന്ന കാഴ്ചയെക്കാളും അധികമാണ് ഈ ലോകത്തിൽ നാം കാണാതെപോകുന്ന കാര്യങ്ങൾ. ഒരു ഉദാഹരണത്തിന്, ഈ ഫ്ലാറ്റിലെ അടഞ്ഞ വാതിലിനു പിറകിൽ എന്നെയും അമ്മയെയും ചൂഴ്ന്നുനിൽക്കുന്ന ഒരു മഹാമൗനം. മരണം എന്നു വച്ചാൽ ഇങ്ങനെതന്നെ എന്നു സംവദിച്ചുകൊണ്ടിരിക്കുന്ന ആ മൗനം. ഈശ്വരൻ എന്നുവച്ചാലും ഇങ്ങനെതന്നെയോ എന്നു സന്ദേഹിച്ചുകൊണ്ടിരിക്കുന്ന ഒരു മൗനം.

അകത്തെ മുറിയിൽ അമ്മ കിടക്കുകയാണ്. ഒരു നേർരേഖപോലെ നിശ്ചലയായി. ഞാൻ അമ്മയുടെ അടുത്തേക്കു നടന്നു. എന്റെ ഓരോ കാൽവയ്പിലും അമ്മ ഇപ്പോൾ തല ചരിച്ചുനോക്കുമെന്ന ആശ ഞെരിഞ്ഞമർന്നുകൊണ്ടിരുന്നു. ഓരോ കാൽവയ്പും

അമ്മയുടെ അടച്ചിട്ട ഓർമ്മയുടെ, വാതിൽക്കൽ മുട്ടി നൊമ്പരമെന്നോണം മടങ്ങിവരുന്നതുപോലെ.

എന്റെ ഓർമ്മയാവട്ടെ, ഒരു വലിയ എട്ടുകെട്ടുപോലെയും.

പത്തോ പന്ത്രണ്ടോ കുട്ടികളോടൊപ്പം
സ്കൂൾ വിട്ട് ഇടവഴിയിലൂടെ ഓടിവരുമ്പോൾ അവർക്കിടയിലും
എന്റെ കാൽപ്പെരുമാറ്റം തിരിച്ചറിഞ്ഞ് വാതിൽക്കൽ
പ്രത്യക്ഷപ്പെട്ടിരുന്ന അമ്മ, ഈ അമ്മ.

അമ്മ ചുവരിൽ കണ്ണുംനട്ടു കിടക്കുകയാണ്. ചുവരിൽ പത്തുവർഷം മുമ്പ് അകാലത്തിൽ മരിച്ചുപോയ എന്റെ ഏട്ടത്തിയുടെ ഫോട്ടോ. അമ്മ എന്താവാം ഓർക്കുന്നത്?

ഞാൻ കട്ടിലിൽച്ചെന്ന് ചേർന്നിരുന്നു വിളിച്ചു:

"അമ്മേ." തിരിച്ചറിവിന്റെ യാതൊരു സൂചനയും തരാത്ത ഒരു നോട്ടം അമ്മ എനിക്കു നീട്ടുന്നു.

"അമ്മേ" എന്ന സംബോധന എത്ര നീട്ടിയാലും എത്താൻ കഴിയാത്ത ഏത് അകലത്തിലാണ് അമ്മ വസിക്കുന്നത്?

ഹൃദയംനുറുങ്ങിപ്പോകുന്നത് അറിഞ്ഞില്ലെന്നു നടിച്ച് ഞാനമ്മയോടു ചോദിക്കുകയാണ്:

"അമ്മേ, അമ്മ എന്താ ആലോചിക്കുന്നത്?" എന്തോ ഓർത്തെടുക്കാൻ ശ്രമിക്കുന്ന അമ്മയുടെ വൃദ്ധനെറ്റിയിൽ ചുളിവുകൾ. ഒരു മറുപടിക്കു കാക്കുകയാണ് ഞാൻ. നിമിഷങ്ങൾ ഇഴഞ്ഞുനീങ്ങവേ ഞാനെന്നോടുതന്നെ ചോദിക്കുന്നു.

അമ്മ എന്താവാം ആലോചിക്കുന്നത്? എനിക്കറിഞ്ഞുകൂടാ. എന്റെ ഹൃദയം മനസ്സിനോടു പറയുന്നു.

അമ്മയ്ക്ക് നമ്മളെ അറിയുന്നതിന്റെ, കോടിയിൽ ഒരംശംപോലും നമുക്ക് അമ്മയെക്കുറിച്ച് അറിഞ്ഞുകൂടല്ലോ.

നോക്കിയിരിക്കേ, ആ നെറ്റിയിലെ ചുളിവുകൾ മായുന്നതും ആ മുഖം ശാന്തമായ ഒരു പ്രസന്നത കൈവരിക്കുന്നതും ഞാൻ കണ്ടു. വാതിലടച്ചു പുറത്താക്കപ്പെട്ട ഒരു കുട്ടിയെപ്പോലെ. അമ്മയുടെ ഓർമ്മകളുടെ ചുളിവുകളിലോ നിവരലിലോ ഇപ്പോൾ ഞാനില്ല. ഒരുപാടുകാലം ആ ചുളിവുകളും നിവരലും എന്നെക്കുറിച്ചായിരുന്നുവല്ലോ! വേരറ്റുപോകുന്നപോലെ.

അമ്മയുടെ ഓർമ്മകളിൽ നമ്മളില്ലാതാകുമ്പോഴാണ് നാം മരിക്കുന്നത്.

മുറിയിലെ ഫോൺ നിർത്താതെ ശബ്ദിക്കുന്നു. എടുക്കുന്നതുവരെ ശാഠ്യം പിടിക്കുന്ന കുട്ടി കണക്കേ, അങ്ങേ അറ്റത്ത് ഭർത്താവും കുട്ടികളും മാറിമാറി സംസാരിക്കുന്നു - എന്നു മടങ്ങും, അമ്മയെ നോക്കാൻ നേഴ്സിനെ [illegible]ർ[illegible]ാടാക്കാത്തതെന്താണ്? അമ്മേ, അമ്മ എന്നു വരും, ദീപുമോന് പനിയാണ്.

ഞാൻ ഫോൺ താഴത്തു വയ്ക്കവേ അമ്മ പ്രസന്നമായും സ്ഫുടമായും ചോദിക്കുകയാണ്:



"ആരാ ഫോൺ വിളിച്ചത്, ദീപുവാണോ? അവന് സ്കൂളടച്ചോ?"

ഞാൻ മിന്നൽപോലെ തിരിഞ്ഞ് അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു.

"ദീപുവാണമ്മേ, ദീപുവിന് അടുത്താഴ്ച സ്കൂളടയ്ക്കും, അമ്മയ്ക്ക് ദീപുവിനെ..."

എന്റെ വർത്തമാനം പാതിക്കുവച്ച് നിശ്ശബ്ദമാകുന്നു. അമ്മയുടെ നോട്ടം വീണ്ടും ശൂന്യമായ ജനാലപോലെയായി മാറുന്നതു ഞാൻ കാണുകയാണ്.

വിചാരിക്കാത്തപ്പോൾ കയറിവന്ന് അങ്ങനെയങ്ങ് ഇറങ്ങിപ്പോകുന്ന തഥാഗതയായി എന്റെ അമ്മ എന്നെ നോക്കുന്നു. എത്ര നിർമ്മമമായ നോട്ടം!

ക്ലോക്കിൽ മണി പന്ത്രണ്ടടിച്ചു.

ഞാൻ അമ്മയോടു പറഞ്ഞു: "കണ്ണിൽ മരുന്നുറ്റിക്കേണ്ട സമയമായി. കണ്ണുകാണിക്കൂ"

അമ്മ കണ്ണുകൾ ഇറുക്കിയടച്ച് വായ തുറന്നുകാണിച്ചു. ചിരിയും സങ്കടവും ഒരുമിച്ചുവന്നു, എനിക്ക്. തെല്ലുറക്കെ ഞാൻ ശാസിക്കുകയാണ്:

"എന്താ ഇത്, കൊച്ചുകുട്ടികളെപ്പോലെ? കണ്ണു തുറക്കൂ, ഉം..."

കണ്ണിന്റെ അടിത്തട്ടിൽക്കിടന്നു മിന്നിയിരുന്ന അമ്മയുടെ ചിരി മരുന്നിൽ കലങ്ങി മറഞ്ഞു.

മുഖം തുടച്ചുകൊടുത്ത്. താങ്ങിയെടുത്ത് ഞാൻ വീൽച്ചെയറിലേക്ക് അമ്മയെ ഇരുത്തി സാവധാനം ഉന്തിനടന്നു.

ഇപ്പോൾ ഞങ്ങൾ ജനാലയ്ക്കരികിലാണ്.

താഴെ മൈതാനത്ത് കുട്ടികൾ പന്തുകളിക്കുന്നു. പൊടിയും ആർപ്പുവിളികളും ഉയരുന്നു. പന്ത് ഉയരത്തിൽ പൊന്തി ഞങ്ങളുടെ ജനാലയോളം വന്നു താഴേക്കു പതിക്കുന്നു. എല്ലാ ശബ്ദങ്ങളും, ജീവിതം തന്നെയും, ഞങ്ങളുടെ ജനാലയോളം എത്തി മടങ്ങിപ്പോവുന്നുവെന്ന് എനിക്കുതോന്നി.

ജീവിതത്തിന്റെ എല്ലാ ശബ്ദങ്ങളിൽനിന്നും പുറത്താക്കപ്പെട്ട അമ്മ.

അമ്മയുടെ മനസ്സിൽനിന്നും എങ്ങനെയോ പുറന്തള്ളപ്പെട്ടുപോയ ഞാൻ.

അമ്മ അനുസരണയോടെ പന്തുകളി ഇരുന്നുകാണുകയാണ്. എന്റെ ഓർമ്മയിൽ ഇപ്പോൾ നാലുമാസം മുൻപുള്ള ഒരു സായാഹ്നം.

അന്നാണ് അമ്മയെ അവസാനമായി നടക്കാൻ കൊണ്ടുപോയത്, ഞാൻ. പെട്ടെന്നൊരു നിമിഷം കൈവിടുവിച്ച് നിരത്തു മുറിച്ചുകടന്ന് എതിർവശത്തെ ഫുട്പാത്തിലെ തിരക്കിൽ അമ്മ അപ്രത്യക്ഷയായി.

നഗരത്തിലെ തിരക്കിൽ ചെവിയടപ്പിക്കുംവിധം പെരുമ്പറ കൊട്ടുന്ന ഹൃദയമിടിപ്പോടെ ഞാൻ കണ്ടെത്തുമ്പോൾ ഒരു തുണിക്കടയുടെ മുമ്പിൽ പകച്ചുനിൽക്കുകയായിരുന്നു അമ്മ.

ഞാൻ അമ്മയെ വീണ്ടും കിടക്കയിലേക്ക് കൊണ്ടുവന്ന് ചാരിയിരുത്തി. എല്ലിൻകൂടുപോലുള്ള ആ നെഞ്ചിന്റെ മിടിപ്പ് എനിക്കു കേൾക്കാം.

"അമ്മേ കഞ്ഞി തരട്ടെ?" ഞാൻ ചോദിക്കുന്നു.

അമ്മയുടെ കണ്ണുകൾ ഏടത്തിയുടെ ഫോട്ടോയിൽ വീണ്ടും ചെന്നുതങ്ങിയിരിക്കുന്നു. നെറ്റിയിൽ ചുളിവ് വീണിരിക്കുന്നു. ഒരു സ്പൂൺ കഞ്ഞി കോരിക്കൊടുത്തുകൊണ്ട് ഞാൻ ചോദിക്കുന്നു:

"അതാരുടെയാ ആ ഫോട്ടോ, അറിയുമോ?" എന്തെങ്കിലും പ്രതികരണത്തിനായി ഞാൻ കിണഞ്ഞുശ്രമിക്കുകയാണ്. ഒരു തുള്ളി കണ്ണീർ, ഒരു നെടുവീർപ്പ്, എന്തെങ്കിലും.

അമ്മയുടെ നെറ്റിയിൽ ചുളിവുകളുടെ എണ്ണം കൂടുന്നു. ഉത്സാഹത്തോടെ, ആകാംക്ഷയോടെ ഞാനാ മുഖം ഒരു വിരൽകൊണ്ട് എന്റെ നേർക്ക് തിരിച്ചു ചോദിക്കുകയാണ്:

"അമ്മയ്ക്ക് എന്നെ മനസ്സിലായോ, അമ്മയുടെ അമ്മിണിക്കുട്ടിയെ?"

അമ്മ പ്രാവിന്റേതുപോൽ വിശുദ്ധമായ കണ്ണുകൾകൊണ്ട് എന്നെ ഉറ്റുനോക്കിക്കൊണ്ട് കഞ്ഞി തുപ്പിക്കളഞ്ഞു. മതിയായി എന്നർഥം.

മുഖം തുടച്ചുകൊണ്ടിരിക്കുമ്പോഴും ആ നോട്ടം എന്റെ മുഖത്തുതന്നെ. മെല്ലെ കിടത്തി ചിരിച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്:

"എവിടെ അമ്മേ, അമ്മയുടെ അമ്മിണിക്കുട്ടി?"

"അമ്മിണിക്കുട്ടി മരിച്ചുപോയി." എന്റെ മുഖത്തുനിന്ന് നോട്ടംമാറ്റാതെ ഓർമ്മകളിലെവിടെയോ നടന്നുമറയവേ, അമ്മ പറഞ്ഞു.

അഷിതയുടെ കഥകൾ
[അഷിത]

- "എന്റെ ഓർമ്മയാവട്ടെ വലിയ എട്ടുകെട്ടുപോലെ"
- "അമ്മ പ്രാവിന്റെ വിശുദ്ധമായ കണ്ണുകൾകൊണ്ട് എന്നെ ഉറ്റുനോക്കിക്കൊണ്ട് കഞ്ഞി തുപ്പിക്കളഞ്ഞു."
- "ഞാൻ മിന്നൽപോലെ തിരിഞ്ഞ് അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു."

കഥയിലെ കാവ്യാത്മകപ്രയോഗങ്ങളുടെ ചില ഉദാഹരണങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. കഥാപാത്രങ്ങളുടെ മാനസികഭാവങ്ങൾ ഇത്തരം പ്രയോഗങ്ങളിൽ തെളിയുന്നുണ്ടോ? **ചർച്ചചെയ്യുക.**

"ഇപ്പോൾ അമ്മയുടെ കൈകളിലുണ്ട്
ചുളിവിന്റെ
എണ്ണമില്ലാത്ത ഞൊറിവളകൾ.
ഓർമ്മകൾ കൊണ്ട് തിളങ്ങുന്നവ
ഏഴോ എഴുപതോ ഏഴായിരമോ
അതിൽ നിറഭേദങ്ങൾ?"

അമ്മയെ കുളിപ്പിക്കുമ്പോൾ
[സാവിത്രി രാജീവൻ]

കഥയിലെയും മുകളിൽ നൽകിയ വരികളിലെയും ആശയതലം താരതമ്യംചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

'തഥാഗത' എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ട് ?
കഥ വിശകലനംചെയ്ത് നിങ്ങളുടെ **അഭിപ്രായം സമർഥിക്കുക.**

താങ്ങി, എടുത്ത്
പതിവ്, പോലെ
അധികം, ആണ്
ഇറങ്ങി, പോകുന്ന

മുകളിൽ നൽകിയ പദങ്ങൾ ചേർത്തെഴുതുമ്പോൾ വന്ന മാറ്റങ്ങൾ എന്തെല്ലാം? കണ്ടെത്തി എഴുതുക. ഇത്തരത്തിലുള്ള കൂടുതൽ പദങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി പിരിച്ചെഴുതി **പട്ടികപ്പെടുത്തുക.**

വാർധക്യത്തിന്റെയും പലതരം രോഗപീഡകളുടെയും നിസ്സഹായതയുടെയും വേദനകൾ അനുഭവിക്കുന്നവരാണ് നമുക്ക് ഒപ്പമുള്ള പലരും. അനുതാപപൂർവം കൈത്താങ്ങ് നൽകി അവരുടെ ജീവിതത്തിൽ പ്രത്യാശയും ആഹ്ലാദവും നിറയ്ക്കേണ്ടത് കുടുംബത്തിന്റെ മാത്രം ഉത്തരവാദിത്വമാണോ? പാഠഭാഗവും സാന്ത്വനപരിചരണവുമായി ബന്ധപ്പെട്ട സമകാലിക സംഭവങ്ങളും വിശകലനം ചെയ്ത് **മുഖപ്രസംഗം തയ്യാറാക്കുക.**

'കാടും മലയും' കടന്ന് സോദരർക്കായി അന്നം കൊണ്ടുപോകുന്ന ഉറുമ്പും വിറളിപിടിച്ച കുതിരയെ പോലും മെരുക്കുന്ന ദയയും സ്മൃതിനാശം ബാധിച്ച അമ്മയെ പരിചരിക്കുന്ന മകളും ജീവിതയാത്രയിൽ പ്രതിസന്ധികളെ അതിജീവിക്കാൻ ശ്രമിക്കുന്നവരാണല്ലോ? ജീവിതത്തിൽ പദം പദം ഉറച്ച് മുന്നേറാൻ ഇത്തരത്തിൽ ഒട്ടേറെ ശേഷികളും നൈപുണികളും നാം നേടേണ്ടതുണ്ട്. യൂണിറ്റിലെ രചനകളും ജീവിതാനുഭവങ്ങളും വിശകലനം ചെയ്ത് 'പ്രതിസന്ധികളും ജീവിതവിജയവും' എന്ന വിഷയത്തിൽ **പ്രഭാഷണം തയ്യാറാക്കുക.**